ഇ 1/33012/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 30/07/2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം - ദ്വിദിന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതു - സംബന്ധിച്ച്.

സൂചന :- കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ *20/07/2018 -ലെ കത്തു നം. കെ.എസ്.എച്ച്.ഇ.സി -എ 3/353/ഡബ്ള്യു.എ.* എ.കെ/2018.

*******

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും റൂസയുടെയും സംയുക്താഭിമുഖ്യത്തിൽ വടക്കൻ മേഖലയിലെ സർക്കാർ/എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, റൂസാപദ്ധതി, ഗെയിൻ പി.എഫ്, സ്പാർക്ക് തുടങ്ങിയ വിഷയങ്ങളിൽ കണ്ണൂർ യൂണിവേഴ്സിറ്റി ആസ്ഥാനത്തിലെ ചെറുശ്ശേരി ആഡിറ്റോറിയത്തിൽ വച്ച് 2018 ആഗസ്റ്റ് 2, 3 തീയതികളിൽ ദ്വിദിന പരിശീലന പരിപാടികൾ നടത്തുന്ന വിവരം സൂചന കത്തു മുഖേന എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരെയും ഉന്നത വിദ്യാഭ്യാസ കൗൺസിൽ നേരിട്ട് അറിയിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ എയ്ഡഡ് കോളേജുകളിൽ നിന്നും ഓരോ ജീവനക്കാരെ വീതം മേൽ പ്രസ്താവിത ദ്വിദിന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് കർശനമായും നിയോഗിക്കണമെന്ന് പ്രിൻസിപ്പാൾമാരെ അറിയിക്കുന്നു. ടി ജീവനക്കാർ ടി പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി വിടുതൽ ചെയ്ത ഉത്തരവും പരിശീലന പരിപാടിയിൽ പങ്കെടുത്തതിന്റെ പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റും അയച്ചു തരേണ്ടതാകുന്നു.

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും
2. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തൃശ്ശൂർ, കോഴിക്കോട് (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരെയും അറിയിക്കേണ്ടതാകുന്നു)
3. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (തൃശ്ശൂർ, കോഴിക്കോട് തുടങ്ങിയ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഇ-മെയിൽ അയയ്ക്കുന്നതിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)

//അംഗീകാരത്തോടെ//

സൂപ്രണ്ട്



GOVERNMENT OF KERALA 2017-18